കുപ്പിവെള്ളത്തിന്റെ നിലവാര നിർണ്ണയം

67 (6772) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. കെ. രമ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുപ്പിയിലാക്കി വിൽക്കുന്ന കുടിവെള്ളത്തിന് ആരോഗ്യവകുപ്പ് നിലവാര നിർണ്ണയം നടത്താറുണ്ടോ ; എങ്കിൽ അതിന്റെ മാനദണ്ഡം അറിയിക്കുമോ ;

(ബി) നിലവാര നിർണ്ണയം നടത്തിയശേഷമാണോ വിപണിയിൽ കുടിവെള്ളം വിൽക്കാൻ അനുവദിക്കുന്നത് ;

(സി) അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന കുപ്പിവെള്ളത്തിന്റെ നിലവാര നിർണ്ണയത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ഡി) നിശ്ചിത നിലവാരമില്ലാത്ത കുപ്പിവെള്ളം വിൽപ്പനയ്ക്കെതിരെ സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ഇവയുടെ വില നിർണ്ണയത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പിന് എന്തെങ്കിലും അധികാരമുണ്ടോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ഉള്ളതും BIS Certificate ഉള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ കുപ്പിയിലാക്കി കുടിവെള്ളം വിതരണം നടത്തുവാൻ അനുമതി നൽകുകയുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives)Regulation-ലെ 2-10-2008-ൽ ആയത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. (അനുബന്ധം)*

(ബി&സി) പൊതുവിപണിയിൽ ലഭ്യമായ എല്ലാ കുപ്പിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ഡി) സംസ്ഥാന വ്യാപകമായി സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തിയതിൽ സംസ്ഥാനത്ത് 7 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ളതും ഒരു സ്ഥാപനത്തിനെതിരെ കോമ്പൗണ്ടിംഗ് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വില നിർണ്ണയത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പിന് അധികാരമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly